പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 642

30.06.2016 ന് മറുപടിയ്ക്ക്.

## ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തിക പി.എസ്.സി .റാങ്ക് ലിസ്റ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൽദോ എബ്രഹാം : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിലേക്ക് 11.9.14 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി യിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) 66 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) നിലവിലുണ്ടായിരുന്ന ഒരു ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയും 21.06.2016 ൽ നിയമന ശിപാർശ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഒഴിവുകളില്ല. |
| (സി) കോഴിക്കോട്, കണ്ണൂർ, ആറ്റിങ്ങൽ ഐ.ടി.ഐ. കളിൽ പുതുതായി ആരംഭിച്ച വെൽഡർ ട്രേഡുകളിലേക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനു നടപടികൾ സ്വീകരിക്കുമോ? | (സി) പുതുതായി ആരംഭിച്ച വെൽഡർ അനുബന്ധ ട്രേഡുകളിലെ ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ